**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3863** **06-08-2021 - ൽ മറുപടിയ്ക്ക്**

**തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലെ വിവിധ തടയണകളിൽ ധാരാളം മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജക മണ്ഡലത്തിലെ മീനച്ചിലാറിനു കുറുകെയുള്ള ചെക്ക് ഡാമുകളുടെ ഷട്ടറുകൾ വേനൽക്കാലത്ത് ചെക്ക് ഡാമിൽ ജലം സംഭരിക്കാൻ അടച്ചിടുന്നത് മൂലം മണ്ണ്, എക്കൽ എന്നീ ഖര മാലിന്യങ്ങൾ വന്നടിയാറുണ്ട്. മെയ് മാസം മുതൽ 6 മാസങ്ങളിൽ ഷട്ടർ തുറന്നു വെയ്ക്കുമ്പോൾ ശക്തമായ നീരൊഴുക്കിൽ ചെളിയും മാലിന്യങ്ങളും ഒഴുകി പോകാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നവംബർ മാസത്തോടു കൂടി ഷട്ടറുകൾ വീണ്ടും സ്ഥാപിക്കുന്നതിനു മുൻപ് തടസ്സങ്ങളും ചെളിയും, നീക്കും. കൂടാതെ 2018, 2019 വർഷങ്ങളിലെ പ്രളയത്തിന് ശേഷം വിവിധ ചെക്ക് ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മാലിന്യങ്ങളും ജലസേചനവകുപ്പ് വിവിധ പദ്ധതികളിൽപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. കളരിയാമക്കൽ ചെക്ക് ഡാമിന്റെ മുകൾ വശത്തു അടിഞ്ഞു കൂടിയിരിക്കുന്ന ചെളിയും മറ്റു മാലിന്യങ്ങളും നീക്കുന്നതിനും ഷട്ടർ തുറക്കുന്നതിനുമുള്ള പ്രവർത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയും മീനച്ചിലാറ്റിലെ ശക്തമായ നീരൊഴുക്കും മൂലം പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കടപ്പാട്ടൂർ, കൊണ്ടൂർ തടയണകളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മണലും നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ